



# യാഗാശ്വബന്ധനം

ഉത്തരരാമചരിതം- നാടകം നാലാമങ്കം

(പത്താംക്ലാസിലെ പാഠപുസ്തകത്തിലെ പ്രസക്തഭാഗത്തിന്റെ മലയാളം വിവർത്തനം)

വിവർത്തനം-ഹരിപ്രസാദ്,വി.ടി.കടന്നൂര്

ആശ്രമവാസികളായ കുമാരന്മാർ : (പരിഭ്രമിച്ച്) കുമാര! കുമാര! കുതിര-കുതിര എന്ന് പേരുള്ള ഒരു വിശേഷജന്തു നാട്ടിലുണ്ടെന്ന് കേട്ടിട്ടുണ്ട്. അതിനെ ഞങ്ങളിന്ന് നേരിട്ടുകണ്ടു.

ലവൻ ; കുതിര-കുതിര എന്നിങ്ങനെയൊരു പേര് യാഗപശുക്കളെപ്പറ്റി പറയുന്നിടത്തും യുദ്ധവിധിയിലും പഠിച്ചിട്ടുണ്ട്. ആവട്ടെ, പറയൂ... അതെങ്ങനെയിരിക്കുന്നു?

കുമാരന്മാർ ; കേട്ടോളൂ...

എല്ലായ്പ്പോഴുമിളക്കിടുന്ന വലുതാം
വാലുണ്ടതിൻ പിന്നിലായ്
ദീർഘിച്ചോരുകഴുത്തുമു,ണ്ടഥ കുള-
മ്പെന്നുള്ളതും നാലുതാൻ
തിന്നും ബാലതൃണങ്ങൾ, ചാണകമിടും
മാങ്ങാവലിപ്പത്തി,ലി-
ന്നെന്തിന്നേറെയുരപ്പ്? ദൂരെയതുപോം,
വാ വാ വരൂ നോക്കിടാം.

(എന്നുപറഞ്ഞ് തോലിലും കൈകളിലും പിടിച്ചുവലിക്കുന്നു)

ലവൻ : (കൗതുകം,വിനയം, ഉപരോധം എന്നിവയോടെ)

ആര്യന്മാരേ! നോക്കൂ.... ഇവരെന്നെ കൊണ്ടുപോകുന്നു..
(എന്നുപറഞ്ഞ് വേഗത്തിൽ പോകുന്നു)

അരുന്ധതിയും ജനകനും : കുഞ്ഞിന് വളരെ കൗതുകമുണ്ട്.!!

കൗസല്ല്യ : ആശ്രമവാസികൾക്കനുരൂപമായ വേഷത്താലും വാക്കുകളാലും നിങ്ങൾ ഞങ്ങളെ സന്തുഷ്ടരാക്കി. ഭഗവതി! അവനെത്തന്നെ നോക്കിക്കൊണ്ടിരുന്ന ഞാൻ വഞ്ചിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇവിടുന്നല്പം മാറിനിന്ന് ഓടിപ്പോകുന്ന ആ ആയുഷ്മാനെ നമുക്കു നോക്കാം.

അരുന്ധതി : അതിവേഗത്തിലോടിയ അവനെ എങ്ങിനെ കാണാനാണ്?

കഞ്ചുകി : (പ്രവേശിച്ച്) 'അറിയേണ്ടത് അറിയേണ്ട കാലത്തു നിങ്ങൾ അറിയും' എന്ന് ഭഗവാൻ വാല്മീകി അറിയിക്കുന്നു.

ജനകൻ : എന്തോ ഗംഭീരമായ ഒന്നായിരിക്കാം. ഭഗവതി അരുന്ധതി! സഖി കൗസല്ല്യേ! ആര്യ ഗൃഷ്ടേ! നമുക്ക് നേരിട്ടുചെന്ന് ഭഗവാൻ വാല്മീകിയെ കാണാം

(വൃദ്ധജനങ്ങളെല്ലാം പോകുന്നു)

കുമാരന്മാർ : (പ്രവേശിച്ച്) നോക്കൂ...കുമാരാ! ആ ആശ്ചര്യം.

ലവൻ : കണ്ടു മനസ്സിലാവുകയും ചെയ്തു. ഇത് അശ്വമേധത്തിനുള്ള കുതിരതന്നെ .

കുമാരന്മാർ : എങ്ങിനെ മനസ്സിലായി?

ലവൻ : ഹേ വിഡ്ഢികളേ! നിങ്ങളും ആഭാഗം പഠിച്ചതല്ലേ? നോക്കുതോ.. നൂറ് വീതം കവചധാരികളും ദണ്ഡധാരികളും ആവനാഴി ധരിച്ചവരുമായ ഭടന്മാർ പ്രത്യേകം രക്ഷകന്മാരായി അതിനെ പിന്തുടരുന്നത്. ഇതെല്ലാം മിക്കവാറും ഒത്തിരിക്കുന്നു. വിശ്വാസമില്ലെങ്കിൽ അവരോട് നേരിട്ടു ചോദിച്ചോളൂ...

കുമാരന്മാർ : ഭോ ഭോ! ഭടന്മാരാൽ ചുറ്റപ്പെട്ട ഈ കുതിര എന്തിനുള്ളതാണ്?

ലവൻ : (ആഗ്രഹത്തോടെ ആത്മഗതം) എടോ! അശ്വമേധമെന്നത് വിശ്വവിജയികളായ ക്ഷത്രിയർക്ക് ഊർജ്ജ്വസ്വലവും, സർവക്ഷത്രിയർക്കും പരിഭവത്തെ നല്കുന്നതായ ഉല്ക്കർഷത്തെ മാറ്റുരച്ചുനോക്കാനുള്ള ഉരകല്ലുമാണ്.

(അണിയറയിൽ)

**ഏഴുലോകത്തിനധിപൻ**
**രക്ഷോവംശം മുടിച്ചവൻ**
**രാമന്റെ വീര്യം ഘോഷിക്കും**
**വൈജയന്തിയതീ ഹയം!!**

ലവൻ ; (അഹങ്കാരത്തോടെയെന്നപോലെ) പ്രകോപിപ്പിക്കുന്ന വാക്കുകൾ..!

കുമാരന്മാർ ; എന്ത് പറയേണ്ടൂ..കുമാരൻ അറിവുള്ളവൻതന്നെ!

ലവൻ ; എന്ത്? എന്ത്? ക്ഷത്രിയരില്ലാത്തതായിത്തീർന്നിരിക്കുന്നവോ ഈ ഭൂമി? എന്തിനിങ്ങനെ ഘോഷിക്കുന്നു?

(അണിയറയിൽ)

ഛീ! മഹാരാജാവിന്നുമുന്നിൽ എവിടെ ക്ഷത്രിയർ?

ലവൻ ; മൂർഖന്മാരേ! ധിക്കാരം പറയുന്നോ?

ഉണ്ട് ക്ഷത്രിയരെന്നാകിൽ
എന്തിനാണിന്നു ഭീഷണി?
ഏറെച്ചൊല്ലേണ്ട, നിങ്ങൾതൻ
യാഗാശ്വത്തെ ഹരിപ്പൂ ഞാൻ

എടോ! കുമാരന്മാരേ! ചുറ്റും നിന്ന് കല്ലെടുത്തെറിഞ്ഞു ഈ കുതിരയെ ഇങ്ങോട്ടു തിരിക്കുവിൻ. ഇവൻ നമ്മുടെ മാൻകൂട്ടത്തോടൊപ്പം മേഞ്ഞുകൊള്ളട്ടെ.

(ഒരു പുരുഷൻ ക്രോധത്തോടും അഹങ്കാരത്തോടുംകൂടി പ്രവേശിച്ച്)

പുരുഷൻ ; എന്ത് ചാപല്ല്യം കാട്ടുന്നോ? നീയെന്താണ് പറഞ്ഞത്? കൂർത്തുമൂർത്ത ബാണങ്ങൾ ധാർഷ്ട്യമായവാക്ക് ശിശുവിന്റെതായാൽപ്പോലും ക്ഷമിക്കില്ല. ശത്രുനാശകനാണ് രാജകുമാരനായ ചന്ദ്രകേതു. അപൂർവ്വമായ കാനനഭംഗി ആസ്വദിച്ച് ആ രാജകുമാരൻ തിരിച്ചെത്തുന്നതിൻമുന്നെ ഈ മരങ്ങൾക്കിടയിലൂടെ വേഗത്തിൽ ഓടിക്കൊള്ളൂ...

കുമാരന്മാർ ; കുമാര! ഈ കുതിരയെ നമുക്കുവേണ്ട . ഇവരിതാ കുമാരനെ ആയുധമിളക്കി ഭയപ്പെടുത്തുന്നു. ആശ്രമം ദൂരെയാണ്. അതിനാൽ മാൻ ചാടുന്നവേഗത്തിൽ നമുക്കോടാം.

ലവൻ ; (ചിരിച്ചുകൊണ്ട്) ആയുധമിളക്കിയാലെന്താണ്? (വില്ല് കുലച്ച്)

ഞാണിൻ രൂപമെഴുന്ന നാവ്, വളയും
ചാപാഗ്രമാം ദംഷ്ട്ര, സം-
ഭ്രാന്തം ഘോരഘനാരവങ്ങളിവയാൽ
സജ്ജീകൃതം വില്ലിതാ
നാവും നീട്ടിവിഴുങ്ങുവാൻ തുനിയവേ
ഘോരാട്ടഹാസത്തിനായ്
ഭാവിക്കും യമവക് ത്രയന്ത്രസദൃശം
നില്ക്കുന്നു യുദ്ധത്തിനായ്.

(എല്ലാവരും യഥോചിതം ചുറ്റിത്തിരിഞ്ഞ് പോകുന്നു)

[പശ്ചാത് പുച്ഛം.......എന്നപദ്യത്തിന് മന്ദാക്രാന്തയിൽ വൃത്താനുവൃത്തമായിട്ടും ഏറെക്കുറെ പദാനുപദമായിട്ടും ഒരു വിവർത്തനംകൂടി താഴെ കൊടുക്കുന്നു. മേലേ കൊടുത്തിരിക്കുന്ന വിവർത്തനം ശാർദ്ദൂലവിക്രീഡിതത്തിലാണ്. പാഠപുസ്തകത്തിൽ മൂലശ്ലോകത്തിന്റെ വൃത്തം ശാർദ്ദൂലവിക്രീഡിതം എന്നുകൊടുത്തിരിക്കുന്നത് പാഠപുസ്തകംതയ്യാറാക്കിയവർക്കുപറ്റിയ പ്രമാദമാകുന്നു]

പിന്നിൽ വാലുണ്ടതിനു വലുതായ്, ആയതാട്ടുന്നു നിത്യം
കണ്ഠംനീണ്ടാണതിനഥ കുളമ്പുണ്ടതും നാലുതന്നെ
പുല്ലുംതിന്നിട്ടുടനവനിടും ചാണകം മാങ്ങയോളം
ഏറെച്ചൊല്ലേ,ണ്ടുടനെയതു പോം, വാ വരൂ പോയിനോക്കാം .

*** *** *** ***

-ഹരിപ്രസാദ്,വി.ടി.കടമ്പൂര്
കണ്ണൂര്. 670663 Mob: 9446431656
hariprasadvt1973@gmail.com